കേരള സർക്കാർ

സംഗ്രഹം

പിന്നോക്ക സംവരണം പുന:ക്രമീകരണം നടത്തണമെന്നാവശ്യപ്പെട്ട് കേരള വീരശൈവസഭയുടെ നിവേദനം-കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻെറ ഉപദേശം സ്വീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

139
26/2/07

---

പട്ടികജാതി/ പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്

സ.ഉ(എംഎസ്). 6 /07/പജപവവിവ. തീയതി, തിരുവനന്തപുരം: 27.1.2007

---

പരാമർശം:-1. കേരള നിയമസഭയുടെ പിന്നോക്ക ക്ഷേമ സമിതി മുൻപാകെ കേരള വീരശൈവസഭ ജനറൽ സെക്രട്ടറി, ശ്രീ.ടി.പി. കുഞ്ഞുമോൻ 15.9.2004-ൽ സമർപ്പിച്ച പരാതി.

2. 19.4.2006-ലെ പിന്നോക്ക വിഭാഗ കമ്മീഷൻ രജിസ്ട്രാറുടെ 176/സി/2005/കെഎസ്.സി.ബി.സി നംപർ കത്ത്.

## ഉത്തരവ്

കേരളത്തിൽ പിന്നോക്ക വിഭാഗത്തിന് നൽകി വരുന്ന 40% സംവരണം വിവിധ വിഭാഗങ്ങൾക്കായി വിഭജിക്കാതെ പിന്നോക്ക വിഭാഗത്തെ ഒറ്റ ഗ്രൂപ്പായി പരിഗണിച്ച് നൽകണമെന്ന് പരാമർശം 1 പ്രകാരം കേരള വീരശൈവസഭ ജനറൽ സെക്രട്ടറി ശ്രീ.ടി.പി.കുഞ്ഞുമോൻ നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമ സമിതി മുൻപാകെ സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെടുകയുണ്ടായി.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻെറ ഉപദേശം ലഭ്യമാക്കി പ്രസ്തുത ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. പിന്നോക്ക വിഭാഗങ്ങളെ ഒറ്റ യൂണിറ്റായി കണക്കാക്കി 40% സംവരണം അനുവദിക്കണമെന്ന വാദത്തിനു ഉപോൽബലകമായി രേഖകളൊന്നും ഹാജരാക്കാൻ നിവേദകർക്കു കഴിഞ്ഞിട്ടില്ല. അതിനാൽ പരാതിക്കാരുടെ ആവശ്യം പരിഗണിക്കേണ്ടതില്ല എന്ന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരാമർശം 2-ലെ കത്തു മുഖേന സർക്കാരിനെ ഉപദേശിക്കുകയുണ്ടായി. സാധാരണയായി കമ്മീഷൻ നൽകുന്ന ഉപദേശം അതേപടി അംഗീകരിക്കുവാൻ സർക്കാർ ബാദ്ധ്യസ്ഥരാണ്.

ആയതിനാൽ പിന്നോക്ക സമുദായങ്ങളെ ഒറ്റ യൂണിറ്റായി കണക്കാക്കി 40% സംവരണം നൽകണമെന്ന കേരള വീരശൈവസഭയുടെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ നൽകിയ ഉപദേശം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റൊമാനസ് ഹൊറൊ
പ്രിൻസിപ്പൽ സെക്രട്ടറി.

രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ,പട്ടം, തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ, തി രുവനന്തപുരം
ശ്രീ.ടി.പി.കുഞ്ഞുമോൻ ,കേരള വീരശൈവ ജനറൽ സെക്രട്ടറി, മംഗലത്തുവീട്, നീലേശ്വരം പി.ഓ., കൊട്ടാരക്കര, കൊല്ലം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി)വകുപ്പ്
മുഖ്യമന്ത്രിയുടെ പി. എസ്.
പട്ടിക-പിന്നോക്ക സമുദായ ക്ഷേമവും വിദ്യുത്ച്ഛക്തിയും വകുപ്പ് മന്ത്രിയുടെ പി.എസ്..
പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.,
" അഡീഷണൽ സെക്രട്ടറിയുടെ സി.എ
" ജോയിൻറ് സെക്രട്ടറിയുടെ സിഎ.,
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.